# അതിജീവനം

ലോകമേ നീ വിറയ്ക്കുന്നുവോ?

ചീന ചീറ്റിയ ദീനത്തിൻ മുന്നിൽ

കോവിഡിൻ സ്പർശത്താൽ ചത്തൊടുങ്ങുന്ന

മാനവർ പ്രിഥ്വിയിൽ സത്വരം

അഗ്നിപോൽ കാർന്നുതിന്നുന്ന രോഗം

പ്രായഭേദമന്യേ ഏവരേയും

അറ്റുപോയ്, പണമാണുപാരെന്നാക്രോശിച്ച നാവുകൾ

പകച്ചുനിന്നു, മതത്തിനായ് പോരാടിയ കരങ്ങൾ

നേരറിഞ്ഞൂഴിയിലിന്നേവരും

വൈദ്യനാണീശ്വരനെന്ന സത്യം

രോഗസൃഷ്ട്ടാവും സൃഷ്ട്ടിസംഹാരിയും മർത്ത്യൻ

അതുപോലതിജീവനവും നമുക്കുമാത്രം

ഒത്തുകൂടാതൊത്തുചേർന്നു പോരാടാം

നമുക്ക് നമ്മുടെ നാടിനായ് നിത്യവും.

അരുണിമ. എം

STD -IX

G.G.V.H.S.S, NEMMARA